മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 30

# വാർത്താക്കുറിപ്പ്

---

## വനമിത്ര പുരസ്കാരം എം.ജി. സർവ്വകലാശാലക്ക്

അന്താരാഷ്ട്ര വനദിനാഘോഷ പരിപാടികളുടെ ഭാഗമായി സംസ്ഥാന വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള 2021 ലെ ജില്ലാ തല വനമിത്ര പുരസ്കാരം മഹാത്മാഗാന്ധി സർവ്വകലാശാലക്ക്. ഇന്ന് (മാർച്ച് 31) രാവിലെ 10 ന് കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വനം-വന്യ ജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രനിൽ നിന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പുരസ്കാരം ഏറ്റുവാങ്ങും.
വൃക്ഷങ്ങളുടെ സംരക്ഷണത്തിനും ജൈവ വൈവിധ്യ സംരക്ഷണത്തിനും എടുത്തിട്ടുള്ള നടപടികൾ കണക്കിലെടുത്താണ് പുരസ്കാരത്തിനായി സർവ്വകലാശാലയെ തെരഞ്ഞെടുത്തിട്ടുള്ളത്. ആദ്യമായാണ് ജില്ലാ തലത്തിൽ സ്ഥാപനങ്ങളെ ഈ ബഹുമതിക്കായി തെരഞ്ഞെടുക്കുന്നത്. ഫലകവും സർട്ടിഫിക്കറ്റും 25000 രൂപയുടെ ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., തോമസ് ചാഴികാടൻ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, സർവ്വകലാശാല രജിസ്ട്രാർ ഡോക്ടർ പ്രകാശ്കുമാർ ബി., എസ്റ്റേറ്റ് ഓഫീസർ എം. കെ സജി., അൻഷിദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/377/2022)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ ബി.വോക്ക് (2015 - 2018 അഡ്മിഷൻ - സപ്ലിമെന്ററി / 2014 അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾ ഏപ്രിൽ 21 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/378/2022)

അഞ്ചാം സെമസ്റ്റർ ബി.വോക്ക് (2015 - 2018 അഡ്മിഷൻ - സപ്ലിമെന്ററി / 2014 അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾ മെയ് നാലിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/379/2022)

ഒന്നാം സെമസ്റ്റർ ബി.വോക്ക് (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ - റീഅപ്പിയറൻസ് / ഇംപ്രൂവ്മെന്റ്) പരീക്ഷയിൽ ആനിമൽ ആന്റ് ഗ്രാഫിക് ഡിസൈൻ (2020 അഡ്മിഷൻ - റെഗുലർ) കോഴ്സിന്റെ ഹിസ്റ്ററി ഓഫ് ആർച്ച് ആന്റ് ഡിസൈൻ എന്ന പേപ്പർ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. പരീക്ഷ ഏപ്രിൽ 13 ന്.

(പി.ആർ.ഒ./39/380/2022)

## പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി

2022 മാർച്ചിലെ രണ്ടാം സെമസ്റ്റർ യു.ജി. സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീ-അപ്പിയറൻസ് / 2013 അഡ്മിഷൻ - മേഴ്സി ചാൻസ്), രണ്ടാം സെമസ്റ്റർ ബി.എസ്. സി. സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയുടെ ഭഗമായ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ ഏപ്രിൽ 30 വരെയുള്ള തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക.

(പി.ആർ.ഒ./39/381/2022)

2022 മാർച്ചിലെ ഒന്നാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഭാഗമായ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ ഏപ്രിൽ 18 വരെയുള്ള തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക.

(പി.ആർ.ഒ./39/382/2022)

## പരീക്ഷാ ഫലം

2021 ഫെബ്രുവരിയിൽ നടന്ന ഒന്ന്, അഞ്ച്, ആറ് സെമസ്റ്റർ ബി.എസ്.സി. ഇലക്ട്രോണിക്സ് വിത്ത് കമ്പ്യൂട്ടർ ഹാർഡ്വെയർ (2000-2008 അഡ്മിഷൻ - അദാലത്ത് - സ്പെഷ്യൽ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 14. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/383/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ